നമ്പർ. ബി. 3443/2016

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട് - 673 017
ഫോൺ നമ്പർ -0495 2356805
ഇ-മെയിൽ-kirtads@gmail.com
തീയ്യതി: 05.01.2019

## പത്രക്കുറിപ്പ്

കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന കിർടാഡ്സ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്) വകുപ്പിലേക്ക് **റിസർച്ച് അസിസ്റ്റന്റ്** തസ്തികയിലേക്ക് മാസഹോണറേറിയത്തിനു താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് താഴെ പറയുന്ന യോഗ്യത ഉള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

| | | |
|---|---|---|
| 1. തസ്തികയുടെ പേര് | : | **റിസർച്ച് അസിസ്റ്റന്റ്** |
| 2. യോഗ്യതകൾ | : | 1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ആന്ത്രോപ്പോളജി/ സോഷ്യോളജി വിഷയത്തിൽ (Regular course of study) കുറഞ്ഞത് രണ്ടാം ക്ലാസ്സോടെ ലഭിച്ച ബിരുദാനന്തര ബിരുദം.<br>2. (1) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ അംഗീകൃത സ്ഥാപനത്തിൽ നിന്നോ, സർക്കാർ വകുപ്പിൽ നിന്നോ മൂന്ന് വർഷത്തിൽ കുറയാത്ത (പട്ടിക വിഭാഗ മേഖലയിൽ കൂടുതൽ അഭിലഷണീയം) ഗവേഷണ പരിചയം ഉണ്ടായിരിക്കണം<br>അല്ലെങ്കിൽ<br>2. (2) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ അംഗീകൃത സ്ഥാപനത്തിൽ നിന്നോ, സർക്കാർ വകുപ്പിൽ നിന്നോ ഒരു വർഷത്തിൽ കുറയാത്ത (പട്ടിക വിഭാഗ മേഖലയിൽ കൂടുതൽ അഭിലഷണീയം) ഗവേഷണ പരിചയം ഉണ്ടായിരിക്കണം |
| 3. തസ്തികയുടെ എണ്ണം | : | 3 |
| 4. പ്രതിഫലം | : | പ്രതിമാസം 17,000/- രൂപ (പതിനേഴായിരം രൂപ മാത്രം) ഹോണറേറിയവും 3,000/-രൂപ (മൂവായിരം രൂപ മാത്രം) യാത്രാബത്തയും മാത്രം. |
| 5. നിയമന കാലാവധി | : | ഒരുവർഷം |
| 6. പ്രായപരിധി | : | അപേക്ഷകർക്ക് 1.01.2019 ന് 35 വയസ്സിൽ കൂടുവാൻ പാടില്ലാത്തതാണ്. പട്ടിക, പിന്നോക്ക വിഭാഗക്കാർക്ക് പ്രായപരിധിയിൽ നിയമാനുസൃത ഇളവ് ലഭിക്കുന്നതാണ്. |

[മറുപുറം]

ഉദ്യോഗാർത്ഥികൾ തങ്ങളുടെ പേര്, മേൽവിലാസം, വിദ്യാഭ്യാസ യോഗ്യതകൾ, സമുദായം, വയസ്സ്, പ്രവൃത്തിപരിചയം എന്നിവ കാണിച്ചുകൊണ്ട് വെള്ളക്കടലാസിൽ ടൈപ്പ് ചെയ്തതോ സ്വന്തം കൈയ്യക്ഷരത്തിൽ എഴുതിയതോ ആയ അപേക്ഷകൾ ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ആമുഖ കത്തു സഹിതം "ഡയറക്ടർ, കിർടാഡ്സ്, ചേവായൂർ പി.ഒ, കോഴിക്കോട് - 673 017" - എന്ന വിലാസത്തിൽ **30/01/2019** ന് **05** മണിക്ക് മുൻപായി ലഭിച്ചിരിക്കേണ്ടതാണ്.

ഒപ്പ്/-
ഡയറക്ടർ

ഡയറക്ടർക്കുവേണ്ടി

1. ഡയറക്ടർ
   വിവരപൊതുജന സമ്പർക്ക വകുപ്പ്,
   തിരുവനന്തപുരം
2. നോട്ടീസ് ബോർഡ്
3. കിർടാഡ്സ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.